**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **05-07-2022 - ൽ മറുപടിയ്ക്ക്**

**നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവ് കർഷകരെ കടുത്ത ദുരിതത്തിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം ഇടപെടൽ നടത്തിവരുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ചില ജില്ലകളിൽ നാളികേരത്തിന്റെ വിലയിടിവ് കർഷകരെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പച്ചത്തേങ്ങയുടെ താങ്ങു വില കിലോയ്ക്ക് 27/- രൂപയിൽ നിന്നും 32/- രൂപയാക്കി സർക്കാർ വർധിപ്പിക്കുകയും, കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപറേഷൻ എന്നീ സ്ഥാപനങ്ങളെ പച്ചത്തേങ്ങ സംഭരണത്തിനായിട്ടുള്ള നോഡൽ ഏജൻസികളായി തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2022 ജൂൺ മാസം മുതൽ കേരഫെഡ് നേരിട്ടും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) മുഖേനയും കർഷകരിൽനിന്നും പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ നിരക്കിൽ സംഭരിച്ചുവരുന്നു. |
| (ബി) | പച്ചത്തേങ്ങയ്ക്കുള്ള വിപണി വില 26 രൂപയിൽ താഴെ മാത്രമായിരിക്കെ കിലോയ്ക്ക് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 14/01/2022 -ൽ സർക്കാർ ഉത്തരവായിരുന്നു. കിലോഗ്രാമിന് 32 രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. ആദ്യ ഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിംഗ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. സംഭരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ടും, മറ്റിടങ്ങളിൽ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ VFPCK യുടെ 15 വിപണികൾ വഴിയും, മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും, കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയും ആണ് ഈ സംഭരണം നടക്കുന്നത് . ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. |
| (സി) | താങ്ങുവിലയ്ക്ക് കൊപ്ര സംഭരിക്കുന്നതിൽ, കേരഫെഡിനെ നാഫെഡ് ഒഴിവാക്കിയത് കർഷകർക്ക് പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതിനാൽ പകരം ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ? | (സി) | കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്) പദ്ധതി 2022 പ്രകാരം, സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>എന്നാൽ നാഫെഡിന് കൊപ്ര സംഭരിച്ചു നൽകുന്നതിനായി സംസ്ഥാന തല സംഭരണ ഏജൻസികൾ വെളിച്ചെണ്ണ ഉൽപ്പാദനത്തിനായി സ്വന്തം നിലയിൽ സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കാൻ പാടുള്ളതല്ല എന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കേരാഫെഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റികളെ മാർക്കറ്റ്ഫെഡിന്റെ കീഴിൽ പുനർ രജിസ്ട്രേഷൻ നടത്തി, മാർക്കറ്റ്ഫെഡ് മുഖേന കൊപ്ര സംഭരണം നടത്തി, നാഫെഡിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ